പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 913 — 30.06. 2015 ൽ മറുപടിയ്ക്ക്.

## സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേതനം

| ചോദ്യം | | മറുപടി | |
| --- | --- | --- | --- |
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : | | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി | |
| (എ) | സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മിനിമം വേതനവ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ടോ; ഓരോ വിഭാഗം ജീവനക്കാർക്കും നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം എത്രയെന്ന് ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ മിനിമം വേതനം സർക്കാരിന്റെ 5-11-2013-ലെ ജി.ഒ (എം.എസ്) നം. 135/2013/തൊഴിൽ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ വിവിധ വിഭാഗം ജീവനക്കാരുടെ കുറഞ്ഞ കൂലി നിരക്കുകൾ ടി വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ടി ഉത്തരവ് തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ളത് പരിശോധിക്കാവുന്നതാണ്. |
| (ബി) | മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി) | സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെയും ജില്ലാ ലേബർ ഓഫീസർമാരുടെയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകൾ നടത്തുകയുണ്ടായി സംസ്ഥാനത്ത് 2014 കാലയളവിൽ സ്വകാര്യ ആശുപത്രികളിൽ നടത്തിയ സ്ക്വാഡ് പരിശോധനകളിൽ നിന്നും മിനിമം വേതനം നൽകാത്ത 29 സ്വകാര്യ |

ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്. 2015 ജനുവരി മുതൽ മെയ് വരെ നടത്തിയ പരിശോധനയിൽ 30 സ്ഥാപനങ്ങൾക്കെതിരെ 1,49,54,800/- രൂപയുടെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും 9 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ